6477/PRO SECTION-1/2020/PRO 16.06.2020

**ക്വട്ടേഷൻ നോട്ടീസ്**

മഹാത്മാഗാന്ധി സർവകലാശാലയുമായി ബന്ധപ്പെട്ട് അച്ചടി മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാനുള്ള പരസ്യങ്ങൾ ഡിസൈൻ ചെയ്ത് നൽകുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു.

വിൻഡോ (ഡിസ്പ്ലേ) പരസ്യങ്ങളാണ് ഡിസൈൻ ചെയ്ത് നൽകേണ്ടത്. സർവകലാശാല ആവശ്യപ്പെടുന്ന നിശ്ചിത വലുപ്പത്തിലാണ് പരസ്യങ്ങൾ ഡിസൈൻ ചെയ്യേണ്ടത്. പരസ്യം സമയബന്ധിതമായി ഡിസൈൻ ചെയ്ത് ലഭ്യമാക്കുന്നതിന് എല്ലാവിധ നികുതിയും അടക്കം ചെലവാകുന്ന മൊത്തം തുകയാണ് ക്വട്ടേഷനിൽ ഉൾപ്പെടുത്തേണ്ടത്. സർവകലാശാല നൽകുന്ന വിവരങ്ങൾ മാത്രമാണ് പരസ്യത്തിൽ ഉൾപ്പെടുത്തേണ്ടത്.

ക്വട്ടേഷൻ അടങ്ങുന്ന കവറിന് പുറത്ത് ക്വട്ടേഷൻ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി, പബ്ലിക് റിലേഷൻസ് ഓഫീസർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, പിൻ: 689 104 എന്ന വിലാസത്തിൽ സമർപ്പിക്കണം. ജൂൺ 25നു ഉച്ചകഴിഞ്ഞ് 2ന് ക്വട്ടേഷൻ തുറക്കും.

| |
|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി: 25.06.2020 ഉച്ചയ്ക്ക് 1.00 മണി വരെ<br><br>ക്വട്ടേഷൻ തുറക്കുന്ന സമയം: 25.06.2020, ഉച്ചയ്ക്ക് 2.00 മണി |

വിശദവിവരം ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഓഫീസിൽ ലഭിക്കും. ഫോൺ: 0481 273 2650

**പ്രത്യേക നിബന്ധനകൾ**

1. ക്വട്ടേഷൻ സമർപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.
2. ക്വട്ടേഷനുകൾ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയം തുറക്കുന്നതാണ്.
3. ക്വട്ടേഷൻ മാറ്റി വയ്ക്കുവാനോ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും.
4. പരസ്യം തൃപ്തികരമായ രീതിയിൽ ഡിസൈൻ ചെയ്ത് നൽകിയെന്ന പി.ആർ.ഒ യുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പണം അനുവദിക്കുക.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

Draft #1 of File 6477/PRO SECTION-1/2020/PRO Approved by Public Information Officer on 16-Jun-2020 01:00 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം